# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 16.07.2026** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ഹരിയാന, ചണ്ഡീഗഢ്, പഞ്ചാബ് സന്ദർശനത്തിന് നാളെ തുടക്കം. രാജ്യത്തെ ആദ്യ ഹൈഡ്രജൻ ട്രെയിൻ സർവീസ് ഹരിയാനയിൽ ഫ്ലാഗ് ഓഫ് ചെയ്യും.

   Prime Minister Narendra Modi will begin his visit to Haryana, Chandigarh, and Punjab tomorrow. During the visit, he will flag off the country's first hydrogen-powered train service in Haryana.

2. കേരളത്തിൽ അമൃത് ഭാരത് സ്റ്റേഷൻ പദ്ധതിയുടെ ഭാഗമായി മലപ്പുറം ജില്ലയിൽ നവീകരിച്ച മൂന്ന് റെയിൽവെ സ്റ്റേഷനുകളുടെ ഉദ്ഘാടനം പ്രധാനമന്ത്രി നാളെ ഓൺലൈനായി നിർവ്വഹിക്കും.

   As part of the Amrit Bharat Station Scheme in Keralam, Prime Minister Narendra Modi will virtually inaugurate three renovated railway stations in Malappuram district tomorrow.

3. ഭീകരവാദത്തിനെതിരെയുള്ള പോരാട്ടത്തിനുള്ള സഹകരണം ബിംസ്റ്റെക് അംഗരാജ്യങ്ങൾ ശക്തമാക്കിയതായി ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവൽ.

   National Security Advisor Ajit Doval has said that BIMSTEC member countries have strengthened their cooperation in the fight against terrorism.

4. ജനങ്ങളുടെ ജീവിതത്തിൽ അർത്ഥവത്തായ മാറ്റം കൊണ്ടുവരുന്നതിന് സാങ്കേതിക വിദ്യയ്ക്ക് സാധിക്കണമെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേർകർ.

Governor Rajendra Vishwanath Arlekar has said that technology should be capable of bringing meaningful change in the life of common people.

5. ലോകപ്രശസ്തമായ പുരി രഥയാത്രയ്ക്ക് ഇന്ന് തുടക്കം. വിപുലമായ സുരക്ഷാ ക്രമീകരണങ്ങൾ ഒരുക്കി ഒഡീഷ സർക്കാർ.

World famous Rath Yatra of Lord Jagannath and his 2 siblings begins today at Puri in Odisha.

6. ഇന്ത്യ - ഇംഗ്ലണ്ട് ഏകദിന ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം ഇന്ന് വെയ്ൽസിൽ.

The second One Day International match of the India–England cricket series will be played in Wales today.

*********************

## PM-HARYANA PUNJAB

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ഹരിയാന, ചണ്ഡീഗഢ്, പഞ്ചാബ് സന്ദർശനത്തിന് നാളെ തുടക്കമാകും. ഹരിയാനയിലെ ജിന്ദിൽ രാജ്യത്തെ ആദ്യ ഹൈഡ്രജൻ ട്രെയിൻ സർവീസ് അദ്ദേഹം ഫ്ലാഗ് ഓഫ് ചെയ്യും. 14,700 കോടി രൂപയുടെ വിവിധ വികസന പദ്ധതികൾ പ്രധാനമന്ത്രി രാഷ്ട്രത്തിന് സമർപ്പിക്കും. ഉച്ചകഴിഞ്ഞ് ചണ്ഡീഗഢ് സന്ദർശിക്കുന്ന അദ്ദേഹം 6,600 കോടിയിലധികം രൂപയുടെ വിവിധ വികസന പദ്ധതികൾ ഉദ്ഘാടനം ചെയ്യും. പഞ്ചാബിലെ ജലന്ധറിൽ 5,470 ലധികം കോടി രൂപയുടെ പദ്ധതികളും ശ്രീ.നരേന്ദ്ര മോദി നാടിന് സമർപ്പിക്കും.

*********************

## AMRIT BHARAT-MALAPPURAM

അമൃത് ഭാരത് സ്റ്റേഷൻ പദ്ധതിയുടെ ഭാഗമായി മലപ്പുറം ജില്ലയിൽ നവീകരിച്ച 3 റെയിൽവെ സ്റ്റേഷനുകൾ പ്രധാനമന്ത്രി

നരേന്ദ്ര മോദി നാളെ നാടിന് സമർപ്പിക്കും. നവീകരിച്ച തിരൂർ, പരപ്പനങ്ങാടി, നിലമ്പൂർ റോഡ് എന്നീ സ്റ്റേഷനുകളുടെ ഉദ്ഘാടനം ഉച്ചയ്ക്ക് 2.30ന് അദ്ദേഹം ഓൺലൈനായി നിർവഹിക്കും. ജില്ലയിൽ ആകെ 5 സ്റ്റേഷനുകളാണ് അമൃത് ഭാരത് പദ്ധതിയിൽ ഉൾപ്പെടുത്തി വികസിപ്പിച്ചിട്ടുള്ളത്.

********************

## BIMSTEC BRIEFING (INTRO)

ഇന്ത്യ-ബിംസ്റ്റെക് സഹകരണം വിവിധ മേഖലകളിൽ ശക്തമായതായി ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവൽ. ന്യൂഡൽഹിയിൽ ബിംസ്റ്റെക് സുരക്ഷാ ഉച്ചകോടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ജനങ്ങളുടെ അഭിവൃദ്ധി ഉറപ്പാക്കി മികച്ച ഭാവി കൈവരിക്കാനാണ് സഖ്യം ലക്ഷ്യമിടുന്നത്. ഭീകരവാദത്തിനെതിരെയുള്ള പോരാട്ടം, അതിർത്തി കടന്നുള്ള കുറ്റകൃത്യങ്ങൾ തടയൽ, സൈബർ സുരക്ഷാ വെല്ലുവിളികൾ എന്നിവയിൽ അംഗരാജ്യങ്ങൾ സഹകരണം ശക്തമാക്കിയതായും ശ്രീ ഡോവൽ അറിയിച്ചു.

**(ഹോൾഡ് വോയ്സ്.......)**

********************

## IRCTC WEBSITE

ട്രെയിൻ ടിക്കറ്റ് ബുക്കിംഗ് ലളിതവും ഉപഭോക്തൃ സൗഹൃദവുമാക്കുന്നതിനായി IRCTC വെബ്സൈറ്റിൻറെ പുതിയ ബീറ്റാ പതിപ്പ് റെയിൽവേ മന്ത്രാലയം പുറത്തിറക്കി. അനാവശ്യമായ ക്യാപ്ചകൾ, പോപ്പ്-അപ്പുകൾ, ഗ്രാഫിക്സ് തുടങ്ങിയവ ഒഴിവാക്കുകയും ടിക്കറ്റ് ബുക്കിങ് ഘട്ടങ്ങളുടെ എണ്ണം കുറയ്ക്കുകയും ചെയ്തിട്ടുണ്ട്. നിലവിലുള്ള വെബ്സൈറ്റിന്റെ ഹോംപേജിൽ ബീറ്റാ പതിപ്പിലേക്കുള്ള ലിങ്ക് ലഭ്യമാണ്. ഉപയോക്താക്കൾക്ക് പുതിയ വെബ്സൈറ്റ് സംബന്ധിച്ച് പരാതികളോ നിർദ്ദേശങ്ങളോ ഉണ്ടെങ്കിൽ അറിയിക്കാൻ മന്ത്രാലയം അഭ്യർത്ഥിച്ചു.

********************

## JAISHANKER (INTRO)

ഇന്ത്യ - ഇ.യു സ്വതന്ത്ര വ്യാപാര കരാർ മെച്ചപ്പെടുത്താൻ വ്യാപാര സാങ്കേതിക കൗൺസിൽ യോഗം സഹായകമാകുമെന്ന് വിദേശകാര്യ മന്ത്രി
എസ്. ജയ്ശങ്കർ. ബ്രസ്സൽസിൽ നടന്ന മൂന്നാമത് ഇന്ത്യ-യൂറോപ്യൻ യൂണിയൻ വ്യാപാര സാങ്കേതിക കൗൺസിൽ യോഗത്തിന് ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

(വോയിസ്)

********************

## EXPORT DUTIES-FUEL I

പെട്രോൾ, ഡീസൽ, വിമാന ഇന്ധനം എന്നിവയുടെ കയറ്റുമതിയിന്മേലുള്ള പ്രത്യേക അധിക എക്സൈസ് തീരുവ പരിഷ്കരിച്ച് കേന്ദ്രസർക്കാർ. രണ്ടാഴ്ചയിലൊരിക്കൽ നടത്തുന്ന ഇന്ധന കയറ്റുമതി നികുതി അവലോകനത്തിന്റെ ഭാഗമായാണ് നടപടി. ഡീസലിൻറെ കയറ്റുമതി തീരുവ ലിറ്ററിന് 15 രൂപ 50 പൈസയായും വിമാന ഇന്ധന തീരുവ 14 രൂപ 50 പൈസയായും വർദ്ധിപ്പിച്ചു. അതേസമയം പെട്രോളിൻറെ തീരുവ രണ്ട് രൂപ 50 പൈസയായി കുറച്ചിട്ടുണ്ട്. പുതുക്കിയ നിരക്ക് ഇന്ന് മുതൽ പ്രാബല്യത്തിൽ വരും. ആഭ്യന്തര ഉപയോഗത്തിനുള്ള പെട്രോളിന്റെയും ഡീസലിന്റെയും നിലവിലുള്ള എക്സൈസ് ഡ്യൂട്ടിയിൽ മാറ്റമില്ല.

********************

## PIYUSH GOYAL

ബ്രസ്സൽസിലെ ഇന്ത്യൻ വ്യവസായ പ്രതിനിധി സംഘവുമായി കൂടിക്കാഴ്ച നടത്തി കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രി പീയൂഷ് ഗോയൽ. ഫിക്കി, കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രി, അസോചം എന്നിവയുൾപ്പെടെയുള്ള സംഘടന പ്രതിനിധികളുമായി കേന്ദ്രമന്ത്രി ചർച്ച നടത്തി. ഇന്ത്യ-യൂറോപ്യൻ യൂണിയൻ സ്വതന്ത്ര വ്യാപാര കരാർ ഇന്ത്യൻ വ്യവസായ മേഖലയ്ക്കും സൂക്ഷ്മ ചെറുകിട ഇടത്തരം മേഖലയ്ക്കും എങ്ങനെ ഗുണകരമാകുന്നു എന്നതിനെ കുറിച്ചായിരുന്നു ചർച്ച.

*********************

## ED - BANGLADESH

ഭീകരവാദ ധനസഹായം, അനധികൃത നുഴഞ്ഞുകയറ്റം എന്നിവയുമായി ബന്ധപ്പെട്ട കേസിൽ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് രാജ്യത്തെ 13 കേന്ദ്രങ്ങളിൽ പരിശോധന നടത്തി. റോഹിങ്ക്യൻ, ബംഗ്ലാദേശി പൗരന്മാരെ ഇന്ത്യയിലേക്ക് അനധികൃതമായി കടത്താൻ സഹായിച്ച കേസിലാണ് ഇ.ഡി അന്വേഷണം ആരംഭിച്ചത്. വിദേശത്ത് നിന്ന് സാമ്പത്തിക സഹായം കൈപ്പറ്റുന്ന ചില ട്രസ്റ്റുകളും സംഘടനകളും ഇതിന് പിന്നിലുണ്ടെന്ന് അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്.

*********************

## RED FORT

സ്വാതന്ത്ര്യദിനാഘോഷത്തിന് മുന്നോടിയായി ഓഗസ്റ്റ് 15 വരെ ഡൽഹിയിലെ ചുവപ്പ് കോട്ടയിൽ പൊതുജനങ്ങൾക്ക് പ്രവേശനം നിരോധിച്ചു. സ്വാതന്ത്ര്യദിനാഘോഷത്തിനുള്ള ഒരുക്കങ്ങൾ നടക്കുന്നതിനാലാണ് നിരോധനം.

*********************

## MAAN KI BAAT

പ്രധാനമന്ത്രി നരേന്ദ്ര മോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്തി'ന്റെ 136-ാാം പതിപ്പ് ഈ മാസം 26-ന്. പരിപാടിയിലേക്കുള്ള ആശയങ്ങളും നിർദേശങ്ങളും NaMo App, MyGov എന്നിവയിലൂടെയും 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലൂടെയും പങ്കുവയ്ക്കാം.

*********************

## GOVERNOR

ജനജീവിതത്തിൽ അർത്ഥവത്തായ മാറ്റം വരുത്തുന്നതാകണം സാങ്കേതിക വിദ്യകളും കണ്ടുപിടുത്തങ്ങളുമെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ. തിരുവനന്തപുരം ആസ്ഥാനമായി പ്രവർത്തിക്കുന്ന കേന്ദ്രസർക്കാർ ഗവേഷണ സ്ഥാപനങ്ങളുടെ ഗവേഷണ കോൺക്ലെവ് ഉദ്ഘാടനം ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിൽ

നിർവഹിക്കുകയായിരുന്നു അദ്ദേഹം.

ഗവേഷണം,കണ്ടുപിടിത്തങ്ങൾ എന്നിവ മാനവിക കാഴ്ചപ്പാടോടെ വേണമെന്നും ഗവർണർ പറഞ്ഞു.

*********************

## Vande Mataram Drama Fest

ദേശീയ ഗീതമായ വന്ദേമാതരത്തിൻറെ 150-ാാം വാർഷികത്തോടനുബന്ധിച്ച് രാജ്യവ്യാപകമായി കേന്ദ്ര സംഗീത നാടക അക്കാദമിയുടെ നേതൃത്വത്തിൽ നാടകോത്സവം സംഘടിപ്പിച്ചു. എല്ലാ സംസ്ഥാനങ്ങളിലുമായി ഒരേസമയം 150 തിയറ്ററുകളിലാണ് ദേശഭക്തി നാടകങ്ങൾ അരങ്ങേറിയത്. നാലായിരത്തോളം കലാകാരന്മാർ പങ്കെടുത്തു.

*********************

## YOUTH FOR FOOD SAFETY

സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷ ഉറപ്പാക്കാൻ യുവജനങ്ങളെ ഉൾപ്പടുത്തി നടപ്പാക്കുന്ന "യൂത്ത് ഫോർ ഫുഡ് സേഫ്റ്റി" പദ്ധതിയുടെ ഔദ്യോഗിക പ്രഖ്യാപനം ആരോഗ്യമന്ത്രി കെ. മുരളീധരൻ തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്തു. സുരക്ഷിതവും ആരോഗ്യകരവുമായ ഭക്ഷണ സംസ്കാരം കെട്ടിപ്പടുക്കുക എന്ന ലക്ഷ്യത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്.

*********************

## KOCHI-SHIGELLA

കൊച്ചിയിൽ മൂന്നുപേർക്ക് ഷിഗല്ല സ്ഥിരീകരിച്ചു. കത്യക്കടവിലെ ഹോട്ടലിൽ നിന്നും ഭക്ഷ്യ വിഷബാധയേറ്റ് ചികിത്സയിൽ കഴിയുന്നവർക്കാണ് രോഗ ബാധ സ്ഥിരീകരിച്ചത്. ഇവിടെ നിന്ന് ഭക്ഷണം കഴിച്ച 15 ഓളം പേർക്കാണ് ഭക്ഷ്യവിഷബാധയുണ്ടായത്.

*********************

## FIFA WORLD CUP

ഇംഗ്ലണ്ടിനെ പരാജയപ്പെടുത്തി അർജന്റീന ലോകകപ്പ് ഫുട്ബോൾ ഫൈനലിൽ. അമേരിക്കയിലെ അറ്റ്ലാന്റ സ്റ്റേഡിയത്തിൽ നടന്ന രണ്ടാം സെമിഫൈനലിൽ 2-1 നാണ് അർജന്റീനയുടെ മുന്നേറ്റം.

ഞായറാഴ്ച അർധരാത്രി 12.30 നു നടക്കുന്ന ഫൈനലിൽ അർജന്റീന സ്പെയിനിനെ നേരിടും.

*********************

## CRICKET

മൂന്ന് മത്സരങ്ങളുള്ള ഇന്ത്യ - ഇംഗ്ലണ്ട് ഏകദിന ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം ഇന്ന് വെയ്ൽസിൽ നടക്കും. വൈകുന്നേരം 5:30 നാണ് മത്സരം. ആദ്യ മത്സരത്തിൽ ഇന്ത്യക്കായിരുന്നു വിജയം.

*********************

## PURI –Rath Yatra (INTRO)

ഒഡീഷയിലെ പുരിയിൽ, ലോകപ്രശസ്തമായ രഥയാത്ര ഇന്ന് നടക്കും. വിപുലമായ സുരക്ഷാ ക്രമീകരണങ്ങളാണ് ഒരുക്കിയിരിക്കുന്നത്.

**ഒരു റിപ്പോർട്ട്....**

(വോയിസ്)

ശക്തമായ മഴയെ അവഗണിച്ചും ലക്ഷക്കണക്കിന് ഭക്തരാണ് രഥ യാത്ര കാണാൻ പുരിയിലെത്തിയിട്ടുള്ളത്. അലങ്കരിച്ച രഥങ്ങളിൽ പവിത്രമായ ഛേര പഹൻര ചടങ്ങ് ഓടെയാണ് യാത്രക്ക് തുടക്കമാവുന്നത്. ഇതിന് ശേഷമായിക്കും 'ജയ് ജഗന്നാഥ്' വിളികളോടെ രഥങ്ങൾ വലിച്ച് തുടങ്ങുക. ഭക്തി ഗാനങ്ങളുടെയും പരമ്പരാഗത ഒഡീസി കലാകാരന്മാരുടെ നൃത്ത പ്രകടനങ്ങളോടെയും ശ്രീ ഗുണ്ടിച ക്ഷേത്രത്തിൽ യാത്ര സമാപിക്കും. ഒൻപത് ദിവസത്തിന് ശേഷം മടക്കയാത്രയും ആരംഭിക്കും. രഥയാത്രയുടെ സുഗമമായ നടത്തിപ്പിന് വിപുലമായ ക്രമീകരണങ്ങൾ ഒരുക്കിയിട്ടുണ്ട്. പോലീസ് ഉദ്യോഗസ്ഥർക്ക് പുറമെ, കേന്ദ്ര സേനയേയും വിന്യസിച്ചിട്ടുണ്ട്. രഥയാത്രയോടനുബന്ധിച്ച് രാഷ്ട്രപതി ദ്രൗപദി മുർമു, ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ, പ്രധാനമന്ത്രി നരേന്ദ്ര മോദി എന്നിവർ ജനങ്ങൾക്ക് ആശംസകൾ നേർന്നു.

ന്യൂസ് ഡെസ്ക് ആകാശവാണി...

*********************

## KARKKADAKAM

സംസ്ഥാനത്ത് രാമായണ മാസാചരണത്തിന് നാളെ തുടക്കമാകും. കർക്കടകം ഒന്നായ നാളെ മുതൽ ഒരു മാസക്കാലം വീടുകളിലും ക്ഷേത്രങ്ങളിലും രാമായണ പാരായണം നടക്കും. കർക്കടക മാസ പൂജകൾക്കായി ശബരിമല ക്ഷേത്രനട ഇന്ന് വൈകിട്ട് 5ന് തുറക്കും. നാളെ മുതൽ ഈ മാസം 21 വരെയാണ് മാസപൂജ നടക്കുക.

*********************

## PANKAJAKSHI -cremation

നോക്കുവിദ്യാ പാവകളി കലാകാരിയും പത്മശ്രീ ജേതാവുമായ മോനിപ്പള്ളി പങ്കജാക്ഷിയമ്മയുടെ സംസ്കാരം ഇന്ന്. ഉച്ചകഴിഞ്ഞ് രണ്ട് മണിക്ക് ഔദ്യോഗിക ബഹുമതകളോടെ വീട്ടുവളപ്പിലാണ് സംസ്കാരം. വാർധക്യ സഹജമായ അസുഖങ്ങളെ തുടർന്ന് ഇന്നലെയായിരുന്നു അന്ത്യം.

*********************

************

***